ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്. ഒരു സ്റ്റേറ്റുകാർ ചീഫ് എലക്ഷൻ ആഫീസറുടെ ഉപയോഗത്തിനായി കൊടുത്തിട്ടുണ്ട്.

(ബി) ബാലറ്റുപെട്ടികൾ കൊണ്ടുപോകുന്നതിനും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മറ്റേർപ്പാടുകളുടെ മേൽനോട്ടം വഹിക്കുന്നതിനുംവേണ്ടി ആ കാർ ഉപയോഗിച്ചിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : തെരഞ്ഞെടുപ്പുകാലത്തു പല മന്ത്രിമാരും അവരുടെ സ്റ്റേറ്റുകാറുകളിൽ പോയിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ അവരുടെ ചെലവിൽ അവിടെ പോയിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : മന്ത്രിമാർ എന്തിനാണ് അവിടെ പോയതെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തെരഞ്ഞെടുപ്പു പ്രചരണത്തിനുവേണ്ടിയാണ്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : തെരഞ്ഞെടുപ്പു പ്രചരണം മന്ത്രിമാരുടെ ഔദ്യോഗിക ജോലികളിൽ ഉൾപ്പെടുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് ഒരു മറുപടി തന്നെ ആവശ്യമാണെന്നു തോന്നുന്നില്ല. മന്ത്രിമാർക്കു തെരഞ്ഞെടുപ്പു സംബന്ധമായി പ്രചരണം നടത്തുന്നതിനു് അവകാശമുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിലെവിടെയും ഉള്ള നടപ്പും അങ്ങിനെയാണ്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : ഒരു പ്രായോഗിക പ്രശ്നം ആർഡർ. ജനങ്ങളുടെ ഇടയിലുള്ള തെറ്റിദ്ധാരണകൾ തീർക്കുന്നതിനുവേണ്ടിയാണു് ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നതു്. അങ്ങിനെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അവയ്ക്കു മന്ത്രിമാർ ക്ഷോഭിച്ചുകൊണ്ടു് ഉത്തരം നൽകുന്നതു ശരിയാണോ?

മി. സ്പീക്കർ : ക്ഷോഭം എന്നു പറയുന്നതുതന്നെ മാനസികമായ ഒരു അവസ്ഥയാണ്. അതിന്റെ പ്രകടനം മറ്റു അംഗങ്ങൾക്കൊ സഭയ്ക്കു പൊതുവെയൊ അസൌകര്യം മനസ്സു ഉണ്ടാക്കുന്നില്ലെങ്കിൽ അതിനെപ്പറ്റി പരാതിക്കു അവകാശമില്ല.

ശ്രീ. കെ. കരുണാകരൻ : തെരഞ്ഞെടുപ്പ് ഇല്ലാത്തകാലങ്ങളിലും മന്ത്രിമാർ സ്റ്റേറ്റുകാറുകളിൽ പോകാറില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മന്ത്രിമാർ എപ്പോഴും സ്റ്റേറ്റുകാറുകളിൽ തന്നെയാണ് സഞ്ചരിക്കുന്നതു്.

ശ്രീ. എ. சிதம்பரநாத நாடார் : டிஸ்டிரிக்ட் காங்கிரஸிலுள்ளவர்களுக்கு மாத்திரந்தான் வரலாம். மற்றவர்களுக்கு வரக்கூடாது என்பதா கவர்ன்மென்டின் அபிப்பிராயம்?

Mr. Speaker : Order. Order. That is a matter of opinion. The question need not be answered.

ഉദ്യോഗസ്ഥന്മാരുടെ പിരിച്ചുവയ്ക്കൽ

* ൨൯൫ ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരിൽ അമ്പത്തിമൂന്നിൽ അധികം വയസ്സും ൨൫ വർഷത്തിലധികം സർവ്വീസും ഉള്ളവരെ പെൻഷൻ കൊടുത്തയക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 'എ'ക്കുത്തരം ഉണ്ട്' എന്നാണെങ്കിൽ, ആ തീരുമാനം എല്ലാത്തരം ഉദ്യോഗസ്ഥന്മാരെയും ബാധിക്കുമോ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ഒരു തത്വം ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

DEVASWOM BOARD

*2416 [41] **Sri. Paul Thaliath** : Will the Hon'ble the Chief Minister be pleased to state.—

LIBRARY ARCHIVES Kerala Legislative Assembly

(*a*) whether the Government have any control or supervisory power over the Devaswom Board and on the Devaswom Department;

(*b*) if so, the nature of such control or supervision, and

(*c*) if not why the proceedings of the Board and the Department are published in the Government Gazette?

The Hon'ble Sri. T. K. Naryana Pillai:

(*a*) No.

(*b*) Does not arise in view of answer to (*a*).

(*c*) The existing practice will be continued pending the final decision of Government.

Sri. P. K. Dewer: May I know whether the Devaswom Board is charged for such publications?

The Hon'ble Sri. T. K. Naryana Pillai: I do not know. Of course, the Hon'ble Member knows it better.

ശ്രീ. പാറം തളിയത്തു്: സ്വകാര്യവ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പരസ്യങ്ങൾ ഗസറ്റിൽ പരസ്യം ചെയ്യണമെങ്കിൽ പരസ്യച്ചുങ്കം വാങ്ങണമെന്നു് നിയമമില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. പാറം തളിയത്തു്: ആ നിയമം ദേവസ്വം ബോർഡിനേയും ബാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ദേവസ്വം ബോർഡിനേയും ആ നിയമം ബാധിച്ചുവരുന്നുവെന്നാണു് എനിക്കു് തോന്നുന്നതു്. അതു സംബന്ധിച്ചു റിക്കാർഡുകൾ കയ്യിലില്ലാത്തതുകൊണ്ടു് എന്റെ ഓർമ്മ ശരിയാണോ എന്നു് നിശ്ചയമില്ല.

ശ്രീ. പാറം തളിയത്തു്: ഗവണ്മെൻറു് അതിനെപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെൻറു് അതിനെപ്പറ്റി ആലോചിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞതിനു് അർത്ഥമില്ല. ഗവണ്മെൻറു് അതിനെപ്പറ്റി ആലോചിച്ചു് തീരുമാനിച്ചിട്ടുണ്ടു് എന്നാണു് എനിക്കു് തോന്നുന്നതു്. പക്ഷേ റിക്കാഡുകൾ കയ്യിലില്ലാത്തതുകൊണ്ടു് ആ തീരുമാനം എന്തായിരുന്നു എന്നു സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല എന്നാണു് പറഞ്ഞതു്.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ദേവസ്വം ബോർഡു് ഗസറ്റിൽ പരസ്യം ചെയ്യുന്നില്ലെങ്കിൽ അതിനു പണം കൊടുക്കണമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതാവശ്യമാണോ എന്നു് ബഹു. മെമ്പർ തന്നെ തീരുമാനിച്ചാൽ മതി.

PROPERTY STATEMENT

***2417. [42] Sri Paul Thaliath:** Will the Hon'ble the Chief Minister be pleased to state:

(*a*) whether all the Government officers have submitted their property statement;

(*b*) if the answer to (*a*) is in the negative the number of officers who have not done so;

(*c*) the names of those officers who are drawing a salary of Rs. 300 and more who have not submitted their property statements;

(*d*) whether the Government have verified these statements submitted with a view to find out cases of over-earning in comparison to the salary received and the period of service etc; and

(*e*) if so, whether any such cases have been detected?

The Hon'ble Sri. T. K. Narayana Pillai:

(*a*) No. Statements are being submitted.

(*b*) From the information so far collected, nearly 214 officers of different grades.

(*c*) None from the information already obtained.

(*d*) & (*e*) Some statements have already been verified. Other statements are being verified. It would not be in public interest to disclose the results of such verifications at this stage.

ശ്രീ. പാറം തളിയത്തു്: (സി) ഭാഗത്തിന്റെ ഉത്തരം ശരിയായി കേട്ടില്ല. അതു് ഒന്നുകൂടി പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly